**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഉറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. വി.എൻ വാസവൻ (ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖം പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഉൾപ്പടെ കൈവരിക്കാൻ സാധിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഡിസംബർ 31 വരെ 670 ഓളം കപ്പലുകൾ ഉറമുഖത്തിലെത്തുകയും 14,30,000 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ 579.66 കോടി രൂപ ഉറമുഖ വരുമാനമായി കൺസഷണയർക്കും കൂടാതെ, നികുതിയിനത്തിൽ (GST) 104 കോടി രൂപയും ലഭിച്ചിട്ടുണ്ട്. നികുതിയുടെ 50% തുകയായ 52 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.<br><br>നിലവിൽ ഉറമുഖം സ്ഥാപിത ശേഷിയുടെ 131% ശേഷിയിലാണ് പ്രവർത്തിക്കുന്നത്. ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് പ്രധാനപ്പെട്ടതും അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ ഉറമുഖം 10 ലക്ഷം TEU എന്ന നാഴികകല്ല് പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചു കൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്.<br><br>ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം ഉറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിംഗ്, അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ ഉറമുഖം എന്ന ദേശീയ റെക്കോർഡും ഉറമുഖം സ്ഥാപിച്ചു.<br><br>അന്താരാഷ്ട്ര കണ്ടെയ്നർ ചരക്ക് ഗതാഗതം നടക്കുന്ന വിവിധ രാജ്യങ്ങളിലെ ഏകദേശം 110-ഓളം പോർട്ടുകളുമായി കണക്റ്റിവിറ്റി സ്ഥാപിച്ച |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിരിക്കുന്നതുവഴി വിഴിഞ്ഞം ഒരു ആഗോള ട്രാൻസ്‌ഷിപ്പ്മെന്റ് ഹബ്ബായി മാറിക്കഴിഞ്ഞു എന്നതിന്റെ തെളിവാണ്. മദർഷിപ്പുകളുടെ (ultra large container ship) സ്ഥിരമായ വരവ് ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളെ (Mother Ships) സ്വീകരിക്കാൻ തക്ക ശേഷിയുള്ള ആഴക്കടൽ തുറമുഖമാണെന്ന് വിഴിഞ്ഞം തെളിയിച്ചിട്ടുണ്ട്. |
| (ബി) | വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ അടുത്ത ഘട്ടം ഏത് സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് - മായി ഏർപ്പെട്ട Supplementary Concession Agreement പ്രകാരം തുറമുഖത്തിന്റെ II, III, IV ഘട്ടങ്ങൾ സംയോജിപ്പിച്ച് Capacity Augmentation ഘട്ടമായി ഏറ്റെടുത്ത് 2028 ഡിസംബർ - ൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ